# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5436** — **04.07.2013 ൽ മറുപടിക്ക്**

**ഞാറക്കൽ സർക്കാർ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ സർക്കാർ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ സർക്കാർ ആശുപത്രി 20.08.2010 ലെ ഉത്തരവ് നം. 557/10/ആ.ക.വ. പ്രകാരം ഉയർത്തിയെങ്കിലും അധിക ജീവനക്കാരെ നിയമിച്ചിട്ടില്ല. ഇത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.<br>ഗോശ്രീ ഐലന്റ് ഡെവലപ്മെന്റ് അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ജിഡ ഫണ്ട് ഉപയോഗിച്ച് ഞാറക്കൽ സർക്കാർ ആശുപത്രിയിൽ നടത്താനുദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള സർവ്വോദയം കുര്യൻ സംഭാവന ചെയ്ത കെട്ടിടത്തിനെ നവീകരിച്ച് ഡയാലിസിനു ഉപയോഗിക്കാൻ തീരുമാനിച്ചു. കയർബോർഡ് സംഭാവന ചെയ്ത കെട്ടിടത്തിന്റെ വൈദ്യുതീകരണം നടത്തി നവീകരിച്ച് ഉപയോഗിക്കാനും തീരുമാനിച്ചു. മോർച്ചറി കെട്ടിടത്തിന്റെ നവീകരണവും ജി.ഐ.ഡി.എ ഫണ്ട് ഉപയോഗിച്ച് നടത്തുവാൻ തീരുമാനിച്ചു. |
| (സി) | പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതാണ് കാലതാമസത്തിന് കാരണം. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിച്ച് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ? | (ഡി) | ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഒരു വർഷത്തിനകം നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ